# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമ പഞ്ചായത്തിൽ യു.ഡി. ക്ലാർക്കായി ജോലി നോക്കി വരവെ മരണമടഞ്ഞ ശ്രീ.എസ്. സഹദേവന്റെ ആശ്രിതൻ ശ്രീ. എസ്. ജയദേവ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനാവശ്യമായ അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(എം.എസ്)നം.390/2013/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം,23/12/2013.**

---

പരാമർശം:- 1) സ.ഉ(പി) നമ്പർ 12/99/ഉഭപവ തീയതി 24/05/1999.
2) സർക്കുലർ നമ്പർ 6678/ഉപസി2/04/ഉഭപവ തീയതി 18/05/2004.
3) ശ്രീ. ജയദേവന്റെ 22/03/2012 ലെ അപേക്ഷ
4) തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പിന്റെ 25/09/2012 ലെ 52202/ഇപിബി1/2012/തസ്വഭവ നമ്പർ കത്ത്.
5) 20/08/2013 ലെ ശ്രീ. ജയദേവിന്റെ അപേക്ഷ.
6) പഞ്ചായത്ത് ഡയറക്ടറുടെ 05/10/2013 ലെ ഇ7-14961/12 നമ്പർ കത്ത്.

## ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിൽ അപ്പർ ഡിവിഷൻ ക്ലാർക്കായി ജോലി നോക്കി വരവെ 01/09/1998 ൽ മരണമടഞ്ഞ എസ്. സഹദേവന്റെ ആശ്രിതൻ ശ്രീ. എസ്. ജയദേവ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം 3 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

എസ്. സഹദേവൻ മരണമടഞ്ഞത് 01/09/1998 ലാണ്. സമാശ്വാസ തൊഴിൽ ദാന പദ്ധതിവഴി നിയമനം ലഭിക്കുന്നതിനായി ശ്രീ.എസ്. ജയദേവ് പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ, ടിയാൻ പ്രായപൂർത്തിയായി നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷിക്കാത്തതിനാൽ പരാമർശം 4 പ്രകാരം നിരസിക്കുകയുണ്ടായി.

അപേക്ഷ സമർപ്പിക്കുന്നതിൽ കാലപരിധി നിശ്ചയിച്ചിട്ടുണ്ടെന്ന വ്യവസ്ഥ സംബന്ധിച്ച് അറിവില്ലായിരുന്നുവെന്നും 17 ദിവസം മാത്രമാണ് കാലതാമസമുണ്ടായ തെന്നും, ആയതിനാൽ ടി കാലതാമസം മാപ്പാക്കി അപേക്ഷ പരിഗണിക്കണമെന്നും അഭ്യർത്ഥിച്ച് മാപ്പപേക്ഷയോടൊപ്പം ശ്രീ. എസ്.ജയദേവ് 20/08/2013 ൽ പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ പുന: സമർപ്പിക്കുകയുണ്ടായി. കാലതാമസം മാപ്പാക്ക ണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഖണ്ഡിക 19 പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ മരണമടഞ്ഞ് രണ്ട് വർഷത്തിനകമോ ആശ്രിതൻ മൈനറാണെങ്കിൽ പ്രായപൂർത്തിയായി മൂന്ന് കൊല്ലങ്ങൾക്കകമോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി വ്യവസ്ഥപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ 17 ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിൽ കൊടുമൺ ഗ്രാമപഞ്ചായത്തിൽ അപ്പർ ഡിവിഷൻ ക്ലാർക്കായി ജോലി നോക്കി വരവെ 01/09/1998 ൽ പരേതനായ എസ്.സഹദേവന്റെ ആശ്രിതൻ ശ്രീ. എസ്.ജയദേവ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട 17 ദിവസത്തെ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**സെൽവരാജൻ.എൽ**
**ഗവ.അണ്ടർ സെക്രട്ടറി**

ശ്രീ.എസ്.ജയദേവ്, വാപ്പറമ്പിൽ, തേക്കേതിൽ,താമയ്ക്കൽ തെക്ക് പി.ഒ,കുമാരപുരം, ഹരിപ്പാട് ആലപ്പുഴ (രജിസ്റ്റേർഡ് കത്ത് മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ